"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - പുതിയ ഡെസ്ക് ടോപ്പ്/ ലാപ്ടോപ്പ് കംപ്യൂട്ടറുകൾ വാങ്ങുന്നതിന് ഭരണാനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.**223/2025/TAXES** തീയതി,തിരുവനന്തപുരം, **12-03-2025**

---

പരാമർശം:- **1.** **01/02/2018**-ലെ സ. ഉ. (സാധാ) നം. **25/2018/ITD** നമ്പർ സർക്കാർ ഉത്തരവ്

**2.** സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ **24.10.2024**-ലെ **SLTY/1652/2022-MOD2** നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിൽ നിലവിൽ സ്ഥാപിച്ചിട്ടുള്ളതും നിരന്തരം തകരാറിലാകുന്നതുമായ **157 DELL Vostro** കമ്പ്യൂട്ടറുകൾക്ക് പകരമായി **₹42,797/-** വീതം വിലവരുന്ന പുതിയ കമ്പ്യൂട്ടറുകളും **(Medium End Intel Core i38 GB 512 GB SSD Ubundu)**, ഡേറ്റാ ബേസ് അഡ്മിനിസ്ട്രേറ്ററുടെയും സിസ്റ്റം അഡ്മിനിസ്ട്രേറ്ററുടെയും ഉപയോഗത്തിനായി നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ **(NIC)** നിർദ്ദേശിച്ച **specifications** ഉള്ള രണ്ട് ലാപ്ടോപ്പുകളും, സോഫ്റ്റ് വെയർ ഡെവലപ്പ്മെന്റ് ടീമിന്റെ ഉപയോഗത്തിനായി മൂന്ന് ലാപ്ടോപ്പുകളും കേരള സർക്കാരിന്റെ **CPRCS** പോർട്ടൽ മുഖേന വാങ്ങുന്നതിന് യഥാക്രമം **₹67,19,129/-**, **₹3,02,316/-** **₹3,81,000/-** രൂപ ചെലവു വരുമെന്നും ഇതിനായി **₹74,02,445/-** (എഴുപത്തിനാല് ലക്ഷത്തി രണ്ടായിരത്തി നാനൂറ്റി നാല്പത്തി അഞ്ച് രൂപ മാത്രം) അനുവദിക്കണമെന്നും ടി ചെലവ് **"2075-00-103-94-99-Information Technology"** എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുമുള്ള ഭരണാനുമതി നൽകണമെന്നും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ പരാമർശം **(2)** പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, പുതിയ കംപ്യൂട്ടറുകൾ വാങ്ങുന്നതിനായി ആദ്യഘട്ടമായി **24.67** ലക്ഷം രൂപ വിനിയോഗിക്കുന്നതിനും ടി തുക **2075-00-103-94-99-Information Technology** എന്ന ശീർഷകത്തിൽ നിന്ന് വഹിക്കുന്നതിനും ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ തുക

വിനിയോഗിച്ച്, ഡേറ്റാ ബേസ് അഡ്മിനിസ്ട്രേറ്ററുടെയും സിസ്റ്റം അഡ്മിനിസ്ട്രേറ്ററുടെയും ഉപയോഗത്തിലേക്കായി ₹3,02,316/- (മൂന്നുലക്ഷത്തി രണ്ടായിരത്തി മുന്നൂറ്റി പതിനാറ് രൂപ മാത്രം) ചെലവിൽ രണ്ട് ലാപ്ടോപ്പുകളും, സോഫ്റ്റ് വെയർ ഡെവലപ്പ്മെന്റ് ടീമിന്റെ ഉപയോഗത്തിലേക്കായി ₹3,81,000/- (മൂന്നുലക്ഷത്തി എൺപത്തി ഒന്നായിരം രൂപ മാത്രം) ചെലവിൽ മൂന്ന് ലാപ്ടോപ്പുകളും, ശേഷിക്കുന്ന ₹17,83,684/- (പതിനേഴ് ലക്ഷത്തി എൺപത്തി മൂവായിരത്തി അറുനൂറ്റി എൺപത്തിനാല് രൂപ മാത്രം)-യ്ക്ക് നിലവിൽ സ്ഥാപിച്ചിട്ടുള്ള DELL Vostro കമ്പ്യൂട്ടറുകൾക്ക് പകരമായി ₹42,797/- വീതം വിലവരുന്ന പുതിയ കമ്പ്യൂട്ടറുകളും (Medium End Intel Core i38 GB 512 GB SSD Ubundu) പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച്, CPRCS പോർട്ടൽ മുഖേന വാങ്ങേണ്ടതാണ്. അടുത്ത ഘട്ട പർച്ചേയ്സ് അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രൊവിഷൻ ഉപയോഗപ്പെടുത്തി നിർവ്വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വന്ദന എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. ധനകാര്യ വകുപ്പ് (16.02.2025-ലെ 2852198/Exp.B1/379/2024-Fin പ്രകാരം)
4. ഇ & ഐ.ടി. (സെൽ) വകുപ്പ് (22.03.2024-ലെ ITCell-2/60/2024-ITD പ്രകാരം)
5. നോഡൽ ഓഫീസർ, കേരള സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ് (സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. വിവര പൊതുജന സമ്പർക്ക (വെബ്& ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ (TAXES-H1/78/2024-TAXES)

ഉത്തരവിൻ പ്രകാരം
Signed by
Babu. G
Date: 12-03-2025 15:18:27
സെക്ഷൻ ഓഫീസർ